യുവസംരംഭക സംഗമം

308 (2546) ശ്രീ. ഷാഹി പറമ്പിൽ :
ശ്രീ. പി. സി വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന ബോർഡിന്റെ നേതൃത്വത്തിൽ യുവസംരംഭക സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) ഇതുവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്തത് ;

(ഡി) ഇതിന്മേൽ എന്തെല്ലാം തുടർനടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യുവജനങ്ങൾ തൊഴിലന്വേഷകരാകാതെ തൊഴിൽ ദാതാക്കളായി മാറുന്നതിന് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ട പരിശീലനവും മാർഗ്ഗ നിർദ്ദേശവും നൽകി പുതിയൊരു സംരംഭക സംസ്കാരം വളർത്തിയെടുക്കുവാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

(സി) യുവ സംരംഭകർ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ നേരിട്ട പ്രതിസന്ധികൾ, നിയമപരമായ സാദ്ധ്യതകൾ, വിഷമങ്ങൾ ഇവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവയാണ് പ്രധാനമായും ചർച്ച ചെയ്യപ്പെട്ടത്. കൂടാതെ, വിജയകരമായി സംരംഭങ്ങൾ ആരംഭിച്ച് നടപ്പിലാക്കിയവരുടെ അനുഭവങ്ങൾ പങ്ക് വയ്ക്കൽ, മറ്റുള്ള യുവജനങ്ങൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രചോദനം നൽകൽ എന്നിവയും സംഗമത്തിന്റെ ഭാഗമായി നടന്നു.

(ഡി) എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ സഹകരണത്തോടുകൂടി തിരുവനന്തപുരം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലെ 498 യുവജനങ്ങൾക്ക് പരിശീലനം നൽകുകയും ഇതിൽ 200-ഓളം പേർ സ്വയം സംരംഭകരായി മാറുകയും ചെയ്തു. ഈ സാമ്പത്തിക വർഷം 9 ജില്ലകളിൽക്കൂടി പരിശീലനം വ്യാപിപ്പിക്കുന്നതാണ്. തുടർന്ന് 2015-16 സാമ്പത്തിക വർഷം ബാക്കി ജില്ലകളിലും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly